(എഫ്) ഈ ഫാക്ടറിയിലെ ഉൽപ്പാദനം എന്നാരംഭിച്ചുവെന്നും ഇതുവരെ എത്ര റബ്ബർ ചെരുപ്പുകൾ വിറ്റിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ജി) ഈ യൂണിറ്റിലെ ലാഭനഷ്ട വിവരങ്ങൾ എത്രയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) (1) റബ്കോ ഹവായ് ചപ്പൽ നിർമ്മാണ ഫാക്ടറി.

(2) റബ്കോ ശ്രീകണ്ഠപുരം സെൻട്രിഫ്യൂസ്ഡ് ലാറ്റക്സ് ഫാക്ടറി.

(ബി) ചെരുപ്പു നിർമ്മാണ ഫാക്ടറിയുടെ സ്ഥാപിതശേഷി പ്രതിദിനം 12,000 ജോഡി ചെരിപ്പുകളാണ്.

(സി) പ്രതിദിനം ശരാശരി 5000 ജോഡി ചെരുപ്പുകളുടെ ഉൽപ്പാദന മാണിപ്പോൾ കൈവരിച്ചിട്ടുള്ളത്.

(ഡി) ചെരുപ്പുകളുടെ വിപണനത്തിനായി കേരളത്തിൽ എഴോളം മൊത്ത വിതരണക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഇലക്ട്രോണിക് അച്ചടി മാധ്യമങ്ങളിലൂടെ പരസ്യവും ചെയ്യുന്നുണ്ട്.

(ഇ) ചെരുപ്പിന്റെ വിപണനത്തിനുള്ള പരസ്യത്തിനായി ഇതുവരെ 93,75,796 രൂപ ചെലവായിട്ടുണ്ട്.

(എഫ്) വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപ്പാദനം 1999 ആഗസ്റ്റ് മാസത്തോടെ ആരംഭിച്ചു. ഇതുവരെ 3,14,051 ജോഡി ചെരുപ്പുകൾ വിറ്റഴിച്ചിട്ടുണ്ട്.

(ജി) വർഷമെത്താത്തതിനാൽ ലാഭനഷ്ടങ്ങൾ കണക്കാക്കിയിട്ടില്ല.

II അടിയന്തിരപ്രമേയം

കണ്ണൂരിൽ നടന്ന അക്രമസംഭവം

മി.സ്പീക്കർ : കണ്ണൂരിൽ ഒരു കൂട്ടം ആളുകൾ ഒരാളെ കുത്തുകയും തട്ടുകടകൾ തകർക്കുകയും ഓട്ടോറിക്ഷകൾ കത്തിക്കുകയും കുത്തേറ്റ ആളെ അക്രമികൾ ആശുപത്രിയിൽവച്ച് ആക്രമിക്കുകയും ചെയ്യുന്നതുകണ്ട് ഒരു രോഗി മരിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് റൂൾ 50 അനുസരിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ. സി. വേണുഗോപാൽ, നാലകത്തു സൂപ്പി, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 2000 മാർച്ച് 5-ാം തീയതി രാത്രി 10 മണിയോടുകൂടി കാട്ടാംപള്ളിയിലെ ബാലൻ നഗർ എന്ന സ്ഥലത്തുള്ള മുല്ലശ്ശേരി പ്രഭാകരൻ എന്നയാളിനെ ആറോളം ആളുകൾ ചേർന്ന് വെട്ടുകയും

LIBRARY ARCHIVES Kerala Legislative Assembly

കുത്തുകയും മാരകമായി പരിക്കേൽപ്പിക്കുകയും ചെയ്തു. കെ. ആർ. എൻ. 3788 എന്ന നമ്പർ പ്ലേറ്റുള്ള കാറിൽ നിന്ന് സിയാബു, രാജൻ എന്നിവരുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന 6 പേരാണ് മാരകായുധങ്ങളുപയോഗിച്ച് അക്രമങ്ങൾ നടത്തിയത്. വളപട്ടണം പോലീസ് സ്റ്റേഷനിൽ ക്രൈം 101/2000 നമ്പരായി ഒരു കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയാണ്. അന്നേദിവസം രാത്രി 10 മണിക്കുശേഷം പ്രഭാകരന്റെ ഒരു ഓട്ടോറിക്ഷയും ചായവണ്ടിയും ആക്രമിച്ച് തകർക്കുകയും ഓട്ടോറിക്ഷയ്ക്ക് തീവച്ച് നശിപ്പിക്കുകയും ചെയ്തു. കെ. ബാബു ചേലേരി എന്നയാളിന്റെ (കെ. എൽ. 7930) ഓട്ടോറിക്ഷ അക്രമികൾ തീവച്ച് നശിപ്പിക്കുകയും ചെയ്തു. ആക്രമണത്തിൽ പരിക്കേറ്റ് കണ്ണൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിൽസയിൽ കഴിഞ്ഞിരുന്ന പ്രഭാകരനെ ഇതേ അക്രമിസംഘം ആശുപത്രിക്കകത്തുകടന്ന് വീണ്ടും ആക്രമിച്ചു. കെ. ആർ. എൻ. 3788 എന്ന നമ്പറുള്ള കാറിൽ സഞ്ചരിച്ചുകൊണ്ടാണ് ആറുപേരടങ്ങിയ അക്രമിസംഘം മേൽപ്പറഞ്ഞ അക്രമസംഭവങ്ങൾ നടത്തിയത്. ഈ സംഭവങ്ങളോടനുബന്ധിച്ച് നാലു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. അക്രമികളുപയോഗിച്ച കാർ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അക്രമം നടത്തിയ സിയാബു, രതീഷ്, ലീഡർ, നൂഫേൽ, രാജൻ, പ്രിയാസ് എന്നീ ആറു പ്രതികളേയും പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. പ്രതികളും പരാതിക്കാരും പരസ്പരം പണമിടപാട് നടത്തിവരുന്നവരായിരുന്നു. സ്വകാര്യ വാഹന ഇടപാടുകാർക്കു വേണ്ടി വണ്ടി പിടിച്ചുകൊടുക്കുന്നതുമായി ബന്ധമുള്ളവരായിരുന്നു ഇവരെല്ലാം. കണ്ണൂരിലും പരിസര പ്രദേശങ്ങളിലുമുള്ള വിവിധ സാമൂഹ്യ വിരുദ്ധ-അക്രമ സംഭവങ്ങളിൽ ഇവരിൽ പലരും പ്രതികളാണ്. പണമിടപാടു സംബന്ധിച്ച തർക്കമാണ് ഇപ്പോഴത്തെ സംഭവത്തിന് കാരണം. കണ്ണൂർ ഗവൺമെന്റ് ആശുപത്രിയിൽ ഒരു സർജറിക്കുശേഷം ചികിൽസയിൽ കഴിഞ്ഞിരുന്ന അഴിക്കോട് സ്വദേശി ഗോപാലൻ മാർച്ച് 5-ന് രാത്രി മരണമടഞ്ഞു. ഈ സംഭവത്തിൽ ഗോപാലനെ ആക്രമിക്കപ്പെട്ടതായോ പരിക്കേൽപ്പിച്ചതായോ യാതൊരു പരാതിയും ഇതേവരെ ലഭിച്ചിട്ടില്ല. സ്ഥലത്തെ അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതികളെയെല്ലാം ഇതിനകം അറസ്റ്റ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അവർ ഉപയോഗിച്ചിരുന്ന വാഹനവും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സ്ഥലത്ത് ഗുരുതരാവസ്ഥയൊന്നുമില്ല. സഭാനടപടികൾ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സംഭവങ്ങളെ വളരെ ലഘൂകരിച്ചാണ് സൂചിപ്പിച്ചിരിക്കുന്നത്. മാർച്ച് 5,6 തീയതികളിലും ഇന്നു പുലർച്ചവരെയും കണ്ണൂർ നഗരത്തിൽ നടന്നുകൊണ്ടിരിക്കുന്ന അതിഭീകരമായ അക്രമതാണ്ഡവങ്ങളുടെ രംഗങ്ങളാണ് ഒരു രോഗി മരിക്കാനിടയായ കാരണത്തിലേയ്ക്ക് വഴിതെളിച്ചത് എന്നതിൽ സംശയമില്ല. ഓട്ടോറിക്ഷകൾ തച്ചു തകർത്ത്, തീവച്ചു നശിപ്പിച്ച്, തട്ടുകടകളെ മുഴുവൻ തകർത്ത് 5-ാം തീയതി രാത്രി മുഴുവൻ ഒരു സംഘം ആളുകൾ കണ്ണൂർ നഗരത്തിൽ അഴിഞ്ഞാടുകയായിരുന്നു. പോലീസിന്റെ വിളിപ്പാടകലെ ഈ സംഘം അഴിഞ്ഞാടി എന്നുമാത്രമല്ല, ആ അഴിഞ്ഞാടിയ സംഘം വീടാക്രമിച്ചിട്ടാണ് ഗുണ്ട് പ്രഭാകരനെന്ന ആളെ കുത്തി മുറിവേൽപ്പിച്ചത്. മുറിവേറ്റ് ആശുപത്രിയിലേക്ക് കൊണ്ടുപോയപ്പോൾ ഈ സംഘം

LIBRARY ARCHIVES Kerala Legislative Assembly

പിന്നാലെ പോയി ആശുപത്രിയിൽ വച്ച് ഈയാളെ വീണ്ടും കുത്തുകയാണുണ്ടായത്. മാത്രമല്ല, ഹെർണിയ ഓപ്പറേഷന് വിധേയനായി ഇന്നുരാവിലെ ഡിസ്ചാർജു ചെയ്യാനിരുന്ന അഴിക്കോട് ഭൂതപ്പാറയിലെ പച്ച ഗോപാലൻ എന്നുപറയുന്ന ആൾ ഈ അക്രമസംഭവം കണ്ട് ഭയന്നുവിറച്ച് കുഴഞ്ഞുവീണാണ് മരിച്ചത്. അതിൽ യാതൊരു സംശയവുമില്ല. ഈ അക്രമത്തിന്റെ പരിണിതഫലമായിട്ടാണ് ഒരു പാവപ്പെട്ടവന്റെ ജീവൻ കണ്ണൂർ ആശുപത്രിയിൽ നഷ്ടപ്പെട്ടു പോയത്. ഇതിൽ വളരെ ഗൗരവകരമായ കാര്യം, ഈ സംഘം ഇന്നും ഇന്നലെയുമല്ല, കഴിഞ്ഞ ഒരാഴ്ചക്കാലമായി കണ്ണൂർ ജില്ലയിൽ ഇങ്ങനെ താണ്ഡവമാടിക്കൊണ്ടിരിക്കുകയാണ്. അവിടെ പോലീസ് നിർവീര്യമാണ്. 5-ാം തീയതി രാത്രി പോലീസിന്റെ തൊട്ടുമുന്നിലാണ് ഈ സംഭവം നടക്കുന്നത്, അതിനുശേഷം മൂന്ന് ഓട്ടോറിക്ഷ കൾ തീവച്ചു നശിപ്പിച്ചു. മിനിഞ്ഞാന്ന് രാത്രി ഒന്നരമണിമുതൽ നാലര മണിവരെ ഓട്ടോറിക്ഷകൾ കത്തിക്കുന്നു, സിനിമയിൽ കാണുന്നതുപോലെ പാറക്കല്ലുകൾ തുണിയിൽ കെട്ടി ആ തുണി വലിച്ചിഴച്ചുകൊണ്ടാണ് ഈ അക്രമി സംഘങ്ങൾ അഴിഞ്ഞാടിയത്. ജനങ്ങൾ പോലീസിന് പരാതി നൽകി. അതുവഴി പോവുകയായിരുന്ന ഫ്ളൈയിംഗ് സ്കാഡിനെ വിളിച്ച് ജനങ്ങൾ ഇവിടെ അക്രമങ്ങൾ നടക്കുന്നുണ്ടെന്നു പറഞ്ഞു. അപ്പോൾ അവിടേക്ക് ഞങ്ങൾക്കു പോകാൻ പെട്രോൾ ഇല്ലെന്നാണ് അവർ പറഞ്ഞത്. ബസ് സ്റ്റാൻഡിൽ ഈ സംഭവം നടക്കുമ്പോൾ ഒരു വിളിപ്പാടകലെ പോകാൻ പോലീസിന് പെട്രോളില്ല. അവസാനം നാട്ടുകാരെല്ലാം കൂടി ഓട്ടോറിക്ഷ വിളിച്ചുകൊടുക്കാം അതില്ലെങ്കിലും വരണമെന്നു പറഞ്ഞു. പോലീസുകാർ അതിനും തയ്യാറായില്ല. അതുപോലെ ഫയർ ഫോഴ്സിനെയും അറിയിച്ചു. ഇതൊക്കെക്കഴിഞ്ഞ് 5 മണിക്ക് എല്ലാം തീർന്ന് അക്രമിസംഘം പിരിഞ്ഞ് വീടുകളിൽ സുരക്ഷിതരായി എത്തിയെന്ന് ബോധ്യം വന്നതിനുശേഷം മാത്രമാണ് പോലീസുകാരും ഫയർഫോഴ്സുകാരും അവിടെ ചെന്നത്. ഫയർഫോഴ്സുകാരെ നിങ്ങൾ ഇവിടെ വരണ്ടായെന്നുപറഞ്ഞ് നാട്ടുകാർ വിരട്ടിയോടിച്ചു. നാട്ടുകാർക്ക് അത്രയും പ്രതിഷേധമുണ്ടായി. ഇത്തരം സംഭവങ്ങൾ കണ്ണൂർ നഗരത്തിൽ അഴിഞ്ഞാടുമ്പോൾ ഇതുകണ്ടിട്ട് ഒന്നും പ്രതികരിക്കാത്ത പോലീസിനെ പ്രതിഷേധിച്ച് നാട്ടുകാർ അവസാനം ഫയർഫോഴ്സിന്റെ വണ്ടി തടയുകയാണുണ്ടായത്. അക്രമിസംഘം വടിവാളുമായി നിൽക്കുന്ന ചിത്രമാണ് കണ്ണൂരിൽ നിന്നും ഇറങ്ങിയിരിക്കുന്ന ഇന്നത്തെ മലയാള മനോരമപത്രം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പോലീസിനെ നിർവീര്യമാക്കിയിരിക്കുന്നു. പോലീസിന് ആക്ഷനില്ല. എല്ലാ കാര്യങ്ങളും പോലീസ് നോക്കിനിൽക്കുകയാണ്. അവർക്ക് യാതൊരു നടപടിയും എടുക്കാൻ കഴിയുന്നില്ല. അക്രമികൾ നഗരംമുഴുവൻ അഴിഞ്ഞാടിയിട്ടും വേട്ടയാടിയിട്ടും പോലീസ് നിർജീവമായി നിൽക്കുന്ന കാഴ്ച ലജ്ജാകരമാണ്. പോലീസ് നോക്കുകുത്തിയായി നിൽക്കുന്ന കാഴ്ചയാണ് കണ്ണൂരിൽ കണ്ടത്. ഇത് ആവർത്തിക്കാൻ പാടില്ല. ആശുപത്രിയിൽ ഹെർണിയ ഓപ്പറേഷൻ കഴിഞ്ഞ് ഡിസ്ചാർജ് ചെയ്യാൻ തീരുമാനിച്ച ഒരു രോഗി മരിക്കാനുണ്ടായ കാരണമെന്താണ് ? ആ സംഭവത്തെക്കുറിച്ച് മുഖ്യമന്ത്രി അന്വേഷിക്കണം. കുറ്റക്കാർ ആരായാലും അവർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുത്ത് ശിക്ഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ ? അവസാനം ആശുപത്രിയിൽ പോകുന്നത് രക്ഷപ്പെടാനാണ്. ആ ആശുപത്രിയിൽ വച്ചും ആക്രമിക്കുകയാണ്. കണ്ണൂർ ആശുപത്രി എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്നതാണല്ലോ പോലീസിന് നോക്കിയാൽ കാണുന്ന സ്ഥലമാണ്, അവിടെയും പോലീസ് പോകുന്നില്ല. പിന്നെ എന്തിനാണ് പോലീസ്? ഇതാണോ ജനകീയ പോലീസ് ? ഈ രാജ്യത്ത് നടന്നുവരുന്ന സംഭവങ്ങളെ നിസ്സാരമായി കാണാൻ കഴിയില്ല. ഒരാളുടെ ജീവൻ നഷ്ടപ്പെടുത്തി ഈ അക്രമിസംഘം അഴിഞ്ഞാടുകയാണ്. ഇന്നുരാവിലത്തെ പത്രത്തിലെ വാർത്തയെന്താണ്? നാടോടികളുടെ പണം കവർന്നു, നഗരത്തിൽ വീണ്ടും അക്രമം. തമിഴ് നാടോടികളെല്ലാം ടൗണിൽ കൂട്ടംകൂടി നിൽക്കുന്നു, പാവപ്പെട്ട നാടോടികളെ കവർച്ചചെയ്ത് അവരുടെ പണം കവർന്നിരിക്കുന്നു. കഴിഞ്ഞ ദിവസങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നിഷ്ക്രിയത്വമാണ് ഈ ഭീകരസംഭവമുണ്ടാകാൻ കാരണം. പോലീസ് നിർവീര്യമായി ഇവിടെ അക്രമിസംഘങ്ങൾക്ക് അഴിഞ്ഞാടാനുള്ള സഹായം ചെയ്തുകൊടുക്കുന്നു. തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി പോലീസിനെ ഉപയോഗിക്കുന്നതിന്റെ ഫലമായിട്ടാണ് ഇന്നിത് അനുഭവിക്കുന്നത്. ഇങ്ങനെ അക്രമിസംഘം അഴിഞ്ഞാടി ഒരു നഗരത്തെയും ജനങ്ങളേയും മുഴുവൻ വേട്ടയാടികൊണ്ടിരിക്കുന്ന ഗൗരവകരമായ ഈ സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, അക്രമികൾ മുഴുവൻ കസ്റ്റഡിയിലാണ്. ഒരാൾ മരിച്ച സംഭവവുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും കിട്ടിയില്ല. അതു സംബന്ധിച്ച് പരാതി കിട്ടിയാൽ നടപടി എടുക്കും. ഇതിൽ ഒരു രാഷ്ട്രീയവുമില്ല. സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. .....(ബഹളം) .....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് ചെയർ അനുമതി നിഷേധിക്കുന്നു.

[അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു]

III ശ്രദ്ധ ക്ഷണിക്കൽ

(1) ദേശീയ പാതയുൾപ്പെടെ പ്രധാന റോഡുകളുടെ വികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ. മുഹമ്മദാലി : സർ, അതീവ ഗൗരവത്തോടുകൂടി ഗവൺമെന്റ് കണക്കിലെടുക്കേണ്ട ഒരു പ്രശ്നമാണ് ഞാൻ ശ്രദ്ധ ക്ഷണിക്കലിലൂടെ ഈ സഭയിൽ ഉന്നയിക്കുന്നത്. ക്രമാതീതമായ വാഹനപ്പെരുപ്പവും ജനസാന്ദ്രതയും കണക്കിലെടുത്തുകൊണ്ട് പ്രധാനപ്പെട്ട റോഡുകളുടെയും ദേശീയ പാതകളുടെയും വികസനം നമ്മുടെ സംസ്ഥാനത്ത് നടക്കാതെ പോകുന്നുണ്ട്. കേന്ദ്ര ഉപരിതല വകുപ്പിൽ നിന്നും യഥാസമയം പ്രോജക്ടുകൾക്ക് അനുമതി വാങ്ങിയെടുക്കുന്നതിനും പ്രോജക്ടുകൾ സമർപ്പിക്കുന്നതിനും, അനുവദിച്ചിട്ടുള്ള പ്രോജക്ടുകൾ യഥാസമയം ആരംഭിക്കുന്നതിനും കഴിയാതെ പോകുന്നതു മൂലം ഗവൺമെന്റിനു വീഴ്ചകൾ വരുന്നുണ്ട്. പദ്ധതികൾ മോണിട്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ദേശീയ പാതകളുടെ വികസനം മുഖ്യ പരിഗണനയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly